**യാത്രക്കിടയിൽ**

# വീഴ്ചയുടെ കഥകൾ

**സാംകുട്ടി ചാക്കോ**
**നിലമ്പൂർ**



വീഴ്ച എന്നു കേൾക്കുമ്പോൾ പെട്ടെന്ന് ഓർമ്മയിലേക്കോടിക്കയറുന്നത് ആശാരിയുപദേശിയുടെ പ്രസിദ്ധമായ ഒരു വാചകമാണ്. “ആശാരി വീണു. വീണിടത്തു നിന്ന് എഴുന്നേറ്റു. പലരും വീണിടത്തു തന്നെ കിടക്കുകയാ.”

കഴിഞ്ഞ ദിവസം കുമ്പനാട്ട് ഉപവാസ പ്രാർത്ഥനക്കിടയിൽ പ്രസംഗിക്കവേ പാസ്റ്റർ ബാബു ചെറിയാൻ പറഞ്ഞ രസകരമായൊരു കാര്യം: ‘അന്തരീക്ഷം’ എന്ന വാക്കിന് പെന്തെക്കോസ്തുകാരുടെ ഇടയിൽ പ്രത്യേക അർത്ഥമാണുള്ളത്. പൊതു ലോകത്തുള്ളവർ ഇന്നത്തെ അന്തരീക്ഷം എങ്ങനെയുണ്ടായിരുന്നു എന്ന ചോദ്യം കേട്ടാൽ -മഴയുടെയോ വെയിലിന്റെയോ കാര്യം പറയും. എന്നാൽ പെന്തെക്കോസ്തുകാരുടെ പദാവലിയിൽ അന്തരീക്ഷമെന്നതിന് ‘ആത്മീയ നിലവാരം’ എന്നാണർത്ഥം.

നാം ഇങ്ങനെ അർത്ഥവ്യത്യാസം വരുത്തിയിട്ടുള്ള ഒട്ടനവധി പദങ്ങളുണ്ട്. അതിൽ ചിലതാണ് വീഴ്ച, ബലഹീനത എന്നിവ. ഏതായാലും പെന്തെക്കോസ്തു അർത്ഥത്തിലുള്ള വീഴ്ചയെക്കുറിച്ചല്ല ഞാനിപ്പോൾ എഴുതാൻ പോകുന്നത്. കഴിഞ്ഞ ദിവസം അക്ഷരാർത്ഥത്തിൽ ഞാൻ വീണു. നെറ്റിയിൽ ചെറിയൊരു മുറിവുമുണ്ടായി. ആ വീഴ്ചയുടെ കഥ അവസാനം പറയാം. എന്നാൽ ആ വീഴ്ചയുടെ ആഘാതത്തിൽ എനിക്കുണ്ടായ പഴയ ചില വീഴ്ചകളെക്കുറിച്ച് ഞാനോർത്തു. സൈക്കിളിൽ നിന്ന് വീണ കഥ പണ്ട് ഇതേ പംക്തിയിൽ എഴുതിയിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ഇത് പുരപ്പുറത്തു നിന്ന് വീണ കഥയാണ്.

സംഭവം നടന്നത് പത്തു വർഷം മുമ്പ്. കോട്ടയം മാങ്ങാനത്തു വച്ചാണ്. 19-ാം വയസ്സിൽ കോട്ടയത്ത് ഗുഡ്ന്യൂസിൽ ജോലിക്കെത്തിയതു മുതൽ 13 വർഷം ഞാൻ കോട്ടയത്ത് താമസിച്ചു. ആ കാലഘട്ടത്തിനിടയിൽ 13 വീടുകളിൽ താമസിച്ചു. ഗുഡ്ന്യൂസുകാർ വാടകക്കെടുത്തവയും, ഞാൻ വാടകക്കെടുത്തതും സൗജന്യമായി താമസിച്ച ഇടങ്ങളുമൊക്കെ ഇക്കൂട്ടത്തിൽപ്പെടും. അതായത് കൂടെക്കൂടെ വീടു മാറി താമസിക്കുവാനുള്ള മഹാഭാഗ്യം! ലഭിച്ചവനാണ് ഞാൻ. തിരുവല്ലയിൽ വന്ന ശേഷം നാലു വാടകവീടുകളിൽ താമസിച്ചു.

കോട്ടയത്ത് അവസാനമായി താമസിച്ചത് മാങ്ങാനം മന്ദിരം ആശുപത്രിയുടെ സമീപത്താണ്. അവിടെ വിദേശികൾ പണിത ഒരു പഴയ വീട്. ധാരാളം മുറികൾ വിശാലമായ ഒരു ഡൈനിംഗ് റൂം എല്ലാമുണ്ട്. ആ വീടിന്റെ കുറേ ഭാഗം അടച്ചിട്ടിരിക്കുകയാണ്. വീടിന് സാധാരണ വീടുകളേക്കാൾ ഉയരമുണ്ട്. പ്രത്യേകിച്ച് ഡൈനിംഗ് ഏരിയായ്ക്ക് മറ്റ് മുറികളേക്കാൾ ഡബിൾ ഹൈറ്റിലാണ് പണിതിരിക്കുന്നത്.

> **ചെറുപ്പം മുതൽ പട്ടി, പൂച്ച തുടങ്ങി ഒരുവിധപ്പെട്ട എല്ലാ ജീവികളെയും എനിക്കിഷ്ടമാണ്. ഫെയ്ത്തു ഹോമിൽ താമസിച്ചിരുന്നതിനാൽ പട്ടിയെയോ പൂച്ചയെയോ വളർത്താൻ ഞങ്ങൾക്ക് അനുവാദമില്ലായിരുന്നു. ആട്, മുയൽ, കോഴി എന്നിവ ചില കാലങ്ങളിൽ ഞങ്ങളുടെ ഫെയ്ത്ഹോമിലുണ്ടായിരുന്നു.**

വീടിന്റെ റൂഫിൽ കുറേ ഭാഗം ഓടിട്ടതും, കുറേ ഭാഗം വാർത്തതും മറ്റു കുറേ ഭാഗം ആസ്ബസ്റ്റോസ് ഷീറ്റുമാണ്. ഓടും ആസ്ബസ്റ്റോസും ഇട്ട ഭാഗങ്ങളിൽ തടികൊണ്ടും ആസ്ബസ്റ്റോസ് പാളികൾ കൊണ്ടും സീലിങ്ങുമുണ്ട്. ഈ സീലിങ്ങിനിടയിൽ ധാരാളം മരപ്പട്ടികൾ (Palmcat) താമസമാക്കിയിട്ടുണ്ട്. രാത്രിയിൽ ഇവയുടെ ഓട്ടവും ചാട്ടവും കൊണ്ട് തട്ടുമ്പുറത്തു നിന്ന് വലിയ ശബ്ദം കേൾക്കാം. സാധാരണ ഗതിയിൽ പകൽ മരപ്പട്ടികൾ നിശബ്ദരാണ്. അങ്ങനെയിരിക്കെ വീടിന്റെ സീലിങ്ങിൽ നിന്ന് അതുവരെ കേൾക്കാത്ത ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. പകൽ നേരത്തും ചെറിയ കരച്ചിലും അനക്കവുമുണ്ട്. മരപ്പട്ടിക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരിക്കുന്നുവെന്ന് ഞങ്ങൾക്ക് മനസ്സിലായി.

ചെറുപ്പം മുതൽ പട്ടി, പൂച്ച തുടങ്ങി ഒരുവിധപ്പെട്ട എല്ലാ ജീവികളെയും എനിക്കിഷ്ടമാണ്. ഫെയ്ത്തു ഹോമിൽ താമസിച്ചിരുന്നതിനാൽ പട്ടിയെയോ പൂച്ചയെയോ വളർത്താൻ ഞങ്ങൾക്ക് അനുവാദമില്ലായിരുന്നു. ആട്, മുയൽ, കോഴി എന്നിവ ചില കാലങ്ങളിൽ ഞങ്ങളുടെ ഫെയ്ത്ഹോമിലുണ്ടായിരുന്നു.

ഞാൻ കല്യാണം കഴിച്ച ശേഷം ആദ്യം ചെയ്തത് ഞാനും പ്ലൻസിയും താമസിക്കുന്ന ഒറ്റ മുറി വീട്ടിൽ ഒരു അക്വേറിയം സ്ഥാപിക്കുകയായിരുന്നു. പിന്നീട് നല്ലയിനം ചില നായ്ക്കൾ, മുയലുകൾ, ഗിനി പിഗ്, പാത്ത, വെള്ള എലി, ലൗ ബേർഡ്സ്, തത്ത, അണ്ണാൻ, കീരി തുടങ്ങിയ ജീവികളെയെല്ലാം ഞാൻ വളർത്തിയിട്ടുണ്ട്.

മരപ്പട്ടിയുടെ കുഞ്ഞിനെ കിട്ടിയാൽ വളർത്താമെന്ന മോഹത്തിൽ ഞാൻ വീടിന്റെ മുകളിൽ കയറി. ആദ്യഭാഗം കോൺക്രീറ്റ് ടെറസായിരുന്നു. അവിടെ നിന്ന് ഓടുമേഞ്ഞ മേൽക്കൂരയിൽ കയറി. വളരെ സൂക്ഷിച്ച് പുരയുടെ മുകളിലൂടെ ഞാൻ നടന്നു. ഒടുവിൽ ഓടിന്റെ പുറത്തു നിന്ന് ഡൈനിംഗ് റൂമിന്റെ മുകൾ ഭാഗത്തേക്ക് എടുത്തൊരു ചാട്ടം. ആ ഭാഗം കോൺക്രീറ്റാണെന്ന ധാരണയിലായിരുന്നു ഞാൻ ചാടിയത്. പക്ഷേ അത് പഴയ ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ഭാഗമായിരുന്നു. എന്റെ ചാട്ടത്തിന്റെ ശക്തിയിൽ ആസ്ബസ്റ്റോസ് പൊട്ടി ഞാൻ നേരെ താഴേക്ക്. തൊട്ടു താഴെ ആസ്ബസ്റ്റോസ് കൊണ്ടുള്ള സീലിംഗും തകർത്ത് ഞാൻ നേരെ ഡൈനിംഗ് റൂമിൽ ചെന്നു വീണു. വലിയൊരു ഡൈനിംഗ് ടേബിൾ കിടക്കുന്നതിന്റെ സൈഡിൽ കസേരയുടെ തൊട്ടടുത്താണ് ഞാൻ ചെന്നു പതിച്ചത്. പതിനെട്ട് അടിയെങ്കിലും ഉയരത്തിൽ നിന്നായിരുന്നു വീഴ്ച. പഴയ ആസ്ബസ്റ്റോസ് ഷീറ്റും സീലിംഗിന് ഉപയോഗിച്ച ഷീറ്റും പൊട്ടിയാണ് ഞാൻ താഴേക്ക് പതിച്ചത്. എന്റെ ശരീരത്തിന്റെ രണ്ടു വശത്തും ആസ്ബസ്റ്റോസ് ഷീറ്റിന്റെ പൊട്ടുകൾ കൊണ്ടു കയറി. ശരീരം മുഴുവൻ ആസ്ബസ്റ്റോസ് ഉരഞ്ഞു കീറി. ഏതായാലും താഴെ കിടന്നിരുന്ന മേശയിലോ കസേരയിലോ തല ഇടിക്കാതെ ഞാൻ തറയിലെത്തി. കാലോ കയ്യോ ഒടിഞ്ഞില്ല.

നമ്മുടെ അറിവില്ലായ്മ കൊണ്ടും ശ്രദ്ധയില്ലായ്മ കൊണ്ടുമൊക്കെ സംഭവിക്കുന്ന അനർത്ഥങ്ങൾ വ്യസനകാരണമാകാതെ പ്രാണനെ മരണത്തിൽ നിന്ന് വീണ്ടെടുക്കുന്ന ദൈവകരങ്ങൾ എന്നെ താങ്ങിയില്ലായിരുന്നെങ്കിൽ ആ വീഴ്ചയുടെ കഥയെഴുതുവാൻ എനിക്കാവുമായിരുന്നില്ല.

അതിനേക്കാൾ ഭയാനകമായ ഒരു കാര്യം പിന്നീടാണറിഞ്ഞത്. എന്റെ മോൾ നേഹക്ക് അന്ന് ഒന്നര വയസ് പ്രായം. എപ്പോഴും അവൾ അടുക്കളയിലേക്കും ഫ്രണ്ട് റൂമിലേക്കും ഓടുന്ന വഴിയിലാണ് ഞാൻ വന്നു വീണത്. ഞാൻ താഴെയെത്തുന്നതിന് മിനിറ്റുകൾക്ക് മുമ്പ് അവൾ അതേ സ്പോട്ടിലിരുന്ന് കളിക്കുകയായിരുന്നു. തമ്പുരാന്റെ പരിപാലനത്തെ വർണ്ണിക്കുവാൻ എന്റെ പേനക്കുള്ള പരിമിതി ഞാൻ തിരിച്ചറിയുന്നു.

ഏതായാലും പിന്നീടെനിക്ക് മൂന്ന് മരപ്പട്ടിക്കുഞ്ഞുങ്ങളെ കിട്ടി. ഞാനവയെ കുറേക്കാലം വളർത്തി. അവ നന്നായി ഇണങ്ങിയിരുന്നു. ഞങ്ങൾ അതിനെ തുറന്നു വിട്ടു. അവ പുറത്തു പോകയും അകത്തു വരികയും ചെയ്തു കൊണ്ടിരുന്നു. ഒരു പെരുമഴക്കാലത്ത് രാത്രിയിൽ അവ ഞങ്ങളെ വിട്ടുപോയി. കരകവിഞ്ഞൊഴുകിയ തോട്ടിൽ പെട്ടുപോയതായിരിക്കാം.

ദാവീദിന്റെ സങ്കീർത്തനം അൽപ്പം തിരുത്തി ഈ കുറിപ്പവസാനിപ്പിക്കട്ടെ. വീഴ്ചയുടെ ബാക്കി ഭാഗം അടുത്ത ലക്കത്തിൽ

“എന്റെ ‘വീഴ്ചയിൽ’ എന്നെ ഓർത്തവനെ അവന്റെ ദയ എന്നേക്കുമുള്ളത്.”